# 900

1 ഒരിക്കലേവനും മരിക്കും നിർണ്ണയം ഒരുങ്ങെല്ലാവരും മരിപ്പാൻ
ദരിദ്രൻ ധനികൻ വയസ്സൻ ശിശുവും മരിക്കുന്നില്ലയോ ലോകേ?

2 പുരമേൽ മുളയ്ക്കും പുല്ലിന്നു സമം നരന്റെ ജീവിതമുലകിൽ
വാടിപ്പൊഴിയും പുഷ്പം പോലവൻ ഓടിപ്പോം നിഴൽപോലെ

3 നാലു വിരലേ മർത്യനായുസ്സു നിൽക്കുന്നോരെല്ലാം മായ
വേഷനിഴലിൽ നടന്നു തങ്ങൾ നാൾ കഴിക്കുന്നേ കഥപോലെ-

4 ഒന്നും നാം ഇഹേ കൊ   ുവന്നില്ല ഒന്നും കൂടാതെ പോകും
സമ്പാദിച്ചതു പിന്നിൽ തള്ളണം നമ്പിക്കൂടല്ലേ ലോകം-